**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 332** **27-06-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ തെളിനീരൊഴുകും നവകേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തെളിനീരൊഴുകും നവകേരളം പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ വിവിധ ജലസ്രോതസ്സുകളിലെ മലിനീകരണം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | തെളിനീരൊഴുകും നവ കേരളം പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ വിവിധ ജലസ്രോതസ്സുകളിലെ മലിനീകരണം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ജലസ്രോതസ്സിന്റെ പേര് | സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് |
|---|---|---|---|
| 1 | അടാട്ട് | ഇരുനിലപ്പാടം ചാൽ | മാലിന്യങ്ങൾ നീക്കം ചെയ്തു, സൈഡ് പ്രൊട്ടക്ഷനും വേണ്ടി കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിച്ചു. വിവിധ പ്രദേശങ്ങളിലെ പൊതു കുളങ്ങളിലും കിണറുകളിലും ജലപരിശോധന നടത്തി. |
| 2 | അവണ്ണൂർ | വെളപ്പായ തോട് | ജലസ്രോതസ്സുകളിലെ ജലം പരിശോധന നടത്തി. വൃത്തിയാക്കി, കയർ ഭൂവസ്ത്രം വിരിച്ചു. |
| 3 | കൈപ്പറമ്പ് | | ജലസ്രോതസ്സുകളിലെ ജലം പരിശോധന നടത്തി. നിലവിൽ മാലിന്യങ്ങൾ നീക്കം ചെയ്തിട്ടില്ല. |
| 4 | കോലഴി | ഡ് 4,7 ,ചിറ്റടികുളം, കൃഷ്ണൻ നായർ കുളം,പുത്തൻ മഠം കുന്ന് തോട്, ഓംകുഴി തോട് | ജലസ്രോതസ്സുകളിലെ ജലം പരിശോധന നടത്തി.പുത്തൻ മഠം കുന്ന് തോട്, ഓംകുഴി തോട് എന്നീ തോടുകൾ വൃത്തിയാക്കി, കയർ ഭൂവസ്ത്രം വിരിച്ചു. |
| 5 | മുളങ്കുന്നത്തുകാവ് | പൂമല ഡാം | പൂമല ഡാം പരിസരവും ചാലുകളും വൃത്തിയാക്കി.ക്ലീൻ കേരള കമ്പനി മുഖേന മാലിന്യങ്ങൾ നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചു. |
| 6 | തോളൂർ | രാമൻ കുളം, പടിഞ്ഞാറെ പാടം തോട്, ഐക്കര തോട്, തോട്ടപ്പാൻ തോട്, പോന്നോർ താഴെ തോട്, കോലത്താട് നോർത്ത് തോട് | രാമൻകുളം ഡീസിൽറ്റിംങ്ങ് ചെയ്തു. സൈഡ് പ്രോട്ടക്ഷന്, എർത്ത് ലെവലിംങ്ങും ചെയ്തു. പടിഞ്ഞാറെ പാടം തോട്, ഐക്കര തോട്, തോട്ടപ്പാൻ തോട്, പോന്നോർ താഴെ തോട്, കോലത്താട് നോർത്ത് തോട് ഡീസിൽറ്റിംങ്ങും സൈഡ് പ്രോട്ടക്ഷനും വേണ്ടി കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിച്ചു. |
| 7 | വടക്കാഞ്ചേരി മുൻസിപാലിറ്റി | അകമല തോട് ,പുതുരുത്തി, കുറുമക്കാവ്, തോയംപാടം, അരവൂർ, മിണാലൂർ, പത്താഴകുണ്ട് ഡാമിലെ വെള്ളച്ചാൽ | വടക്കാഞ്ചേരി നഗരസഭയിലെ 'തെളിനീരൊഴുകം നവകേരളം സമ്പൂർണ്ണ ശുചിത്വയജ്ഞം' സംബന്ധിച്ച പ്രവർത്തനങ്ങൾ 24.04.2022-ന് നഗരസഭാ പ്രദേശത്തെ അകമല തോട് ഉദ്ഘാടനം ചെയ്തുകൊണ്ട് ആരംഭിച്ചു, പുതുരുത്തി, കുറുമക്കാവ്, തോയംപാടം, അരവൂർ, മിണാലൂർ, പത്താഴകുണ്ട് ഡാമിലെ വെള്ളച്ചാൽ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ വൃത്തി യാക്കിയിട്ടുള്ളതാണ്. നഗരസഭ പരിധിയിലെ എല്ലാ തോടുകളും മാലിന്യമുക്തമാക്കിയിട്ടുള്ളതാണ്. മഴക്കാലത്തെ |

| | | | |
|---|---|---|---|
| | | | വെള്ളത്തിന്റെ ഒഴുക്കിനെ സുഗമമാക്കുന്നതിന് വേണ്ട മുന്നൊരുക്കങ്ങൾ ചെയ്തിട്ടുള്ളതാണ്. ചെറിയ കനാലുകൾ വൃത്തിയാക്കുന്ന പ്രവൃത്തികൾ തുടരുന്നുണ്ട്. |
| 8 | തെക്കുംകര | കരുമത്ര താമരകുളം, പത്താഴകുണ്ട് ഡാം . | കരുമത്ര താമരകുളത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്തു.<br>വശങ്ങൾ കെട്ടി സംരക്ഷിച്ചു. പത്താഴകുണ്ട് ഡാം പരിസര ത്തെയും ഡാമിലേയും മാലിന്യങ്ങൾ നീക്കം ചെയ്തു. ഡാമിലേക്ക് വരുന്ന തോട് വൃത്തിയാക്കി.  മറ്റു തോടുകളും കുളങ്ങളും വൃത്തിയാക്കിയിട്ടുണ്ട്. |